"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - 2017-18 വർഷത്തെ മികച്ച ത്രിതല പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഇ.എം) വകുപ്പ്

**G.O.(Rt)No.159/2019/LSGD** തീയതി,തിരുവനന്തപുരം, 25/01/2019

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 03.01.2018-ലെ PAN/25238/2018-G2(DP)നമ്പർ കത്ത്.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മികവിന്റെ അടിസ്ഥാനത്തിൽ നല്കുന്ന പുരസ്കാരങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ 21.1.2018ലെ യോഗതീരുമാനം.
3. ഗ്രാമവികസന കമ്മീഷണറുടെ 22.01.2019-ലെ 16289/ഡിപി5/17/സിആർഡി നമ്പർ കത്ത്.

<u>ഉത്തരവ്</u>

2017-18 വർഷത്തെ മികച്ച ത്രിതല പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. (മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്).

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**K.GOPALAKRISHNA BHAT**
**SECRETARY**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ.
മെമ്പർ (ഡീ സെൻട്രലൈസ്ഡ് പ്ലാനിംഗ്), സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്.
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

Scanned by CamScanner

File No.LSGD-EM3/7/2019-LSGD

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner

## മികച്ച ബ്ലോക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പ് 2017-18

## മികച്ച ബ്ലോക്ക് പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം

1) മികച്ച ബ്ലോക്കുപഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് വികസന ഫണ്ടിന്റെ 80% തുക ചെലവഴിച്ചിരിക്കണം. (ജനറൽ/എസ്.സി/റ്റി.എസ്.പി എന്നീ എല്ലാ വിഭാഗങ്ങളിലും)

2) 2017-18 സാമ്പത്തിക വർഷം വരെയുളള എ.എഫ്.എസ് നിശ്ചിത തീയതിയ്ക്കകം സമർപ്പിച്ചിരിക്കണം

3) മെയിന്റനൻസ് ഫണ്ടിന്റെ (നോൺ റോഡ്) കാര്യത്തിലും 80% തുക ചെലവഴിച്ചിരിക്കണം.

➤ അവാർഡ് പരിഗണനാകാലയളവിൽ (2017-18) സാമ്പത്തിക ക്രമക്കേടുകൾ നടന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്ഥാപനത്തിനെതിരെ വകുപ്പുതല/വിജിലൻസ് നടപടികൾ നിലവിലുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## മേൽ വിവരിച്ച അനിവാര്യമായ അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുളള അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി മാർക്ക് നൽകാവുന്നതാണ്

(ആകെ 100 മാർക്ക്)

### മികച്ച ബ്ലോക്ക് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുളള മാനദണ്ഡങ്ങളും മാർക്കും.

1) പദ്ധതി വിഹിതം (ആകെ വികസന ഫണ്ട്) 81% മുതൽ 90% വരെ ചെലവാക്കിയിട്ടുളള ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓരോ ശതമാനത്തിനും ½ മാർക്ക് വീതവും 91 മുതൽ 100% വരെ ചെലവാക്കിയ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓരോ ശതമാനത്തിനും 1 മാർക്ക് വീതം പരമാവധി 15 മാർക്ക് നൽകാവുന്നതാണ്.

2) എസ്.സി.പി/ടി.എസ്.പി പദ്ധതിയുടെ ചെലവിനത്തിലും മുൻ ഖണ്ഡിക അനുസരിച്ച് പ്രത്യേകം മാർക്ക് നൽകാവുന്നതാണ്. ടി.എസ്.പി വിഹിതം ഇല്ലാത്ത ബ്ലോക്കു പഞ്ചായത്തുകൾക്ക് എസ്.സി.പി വിഹിതത്തിൽ ലഭിക്കുന്ന മാർക്കിന്റെ അനുപാതത്തിൽ മാർക്ക് നൽകേണ്ടതാണ്. മാർക്കിന്റെ ശരാശരി എടുക്കുന്നതാണ്. 81% മുതൽ 100% വരെയുളള ചെലവിന് മുൻ ഖണ്ഡികയിലെ മാനദണ്ഡമനുസരിച്ച് മാർക്ക് നൽകാവുന്നതാണ്. (പരമാവധി മാർക്ക് 15)

3) വനിതാ ഘടക പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കിയ ബ്ലോക്കു പഞ്ചായത്തുകൾക്ക് 5 മാർക്ക് നൽകാവുന്നതാണ്. ഇക്കാര്യത്തിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ 5 മാർക്ക് അധികം നൽകാവുന്നതാണ്. (പരമാവധി 10 മാർക്ക്)

4) ഭിന്നശേഷിയുളളവർ, വൃദ്ധർ, ശിശുക്കൾ എന്നിവരുടെ ക്ഷേമത്തിന് ചെലവഴിച്ച തുക 5% മുതൽ 7% വരെയാണെങ്കിൽ 3 മാർക്കും 7% ന് മുകളിൽ 5 മാർക്കും നൽകാവുന്നതാണ്.

5) നൂതന പദ്ധതികൾ വിജയകരമായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 മാർക്ക് നൽകാവുന്നതാണ്. (മുൻ കാലങ്ങളിൽ സമർപ്പിച്ചിട്ടില്ലാത്തതും, ശുചിത്വമേഖലയുമായി ബന്ധപ്പെടാത്തതുമായ പ്രോജക്ടുകൾ),

6) പി.എം.എ.വൈ(ജി) പദ്ധതിയിൽ ഒരു ബ്ലോക്ക് പഞ്ചായത്തിലെ 2017-18 ലെ ആകെ ഭൗതിക ലക്ഷ്യത്തിന്റെ 40% വീടുകൾ (Online sanction) അനുവദിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് 4 മാർക്ക് നൽകാവുന്നതാണ്. ആകെ ഭൗതിക ലക്ഷ്യത്തിന്റെ 40% ന് മുകളിൽ വീട് അനുവദിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓരോ ശതമാനത്തിനും ഒരു മാർക്ക് വീതം നൽകാവുന്നതാണ്. (പരമാവധി 10 മാർക്ക്).

7) പി.എം.എ.വൈ(ജി) പദ്ധതിയിൽ ഓരോ ബ്ലോക്ക് പഞ്ചായത്തും 2017-18 ൽ സാങ്ഷൻ ചെയ്ത ആകെ വീടുകളുടെ എണ്ണത്തിന്റെ 60% പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ 6 മാർക്ക് നൽകാവുന്നതാണ്. 60% നു മുകളിൽ വീട് പൂർത്തീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് 1 മാർക്ക് വീതം നൽകാവുന്നതാണ് (പരമാവധി 10 മാർക്ക്).

8) മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) ചെലവുകൾക്ക് താഴെപ്പറയും പ്രകാരം മാർക്ക് നൽകാവുന്നതാണ്.

| | | |
|---|---|---|
| 80%-85% വരെ | - | 1 മാർക്ക് |
| 86%-90% വരെ | - | 2 മാർക്ക് |
| 91%-95% വരെ | - | 3 മാർക്ക് |
| 96%-99% വരെ | - | 4 മാർക്ക് |
| 100% | - | 5 മാർക്ക് |

9) ശുചിത്വമേഖലയിലെ നൂതന പദ്ധതികൾ വിജയകരമായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾക്ക് പരമാവധി 3 മാർക്ക് നൽകാവുന്നതാണ്. (മുൻകാലങ്ങളിൽ സമർപ്പിച്ചവ ആകരുത്).

10) വാർഷിക ധനകാര്യ കണക്കുകൾ 31.07.2018-നകം ലോക്കൽ ഫണ്ട് അധികൃതർക്ക് നൽകിയിട്ടുണ്ടെങ്കിൽ 2 മാർക്ക് നൽകാവുന്നതാണ്.

11) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പദ്ധതിയുടെ സംയോജനത്തിലൂടെ (convergence) സ്ഥായിയായ ആസ്തികൾ സൃഷ്ടിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് പരമാവധി 5 മാർക്ക് നൽകാവുന്നതാണ്. (ഐ.എ.വൈ വീടുകളുടെ നിർമ്മാണത്തിനായുള്ള ഐ.എ.വൈ-എം.ജി.എൻ.ആർ.ഇ.ജി.എസ് (convergence) ഒഴികെയുള്ളവ)

12) കംപ്ട്രോളർ & ആഡിറ്റ് ജനറൽ, ലോക്കൽ ഫണ്ട് ആഡിറ്റ്, പെർഫോമൻസ് ആഡിറ്റ് എന്നീ ആഡിറ്റ് ഏജൻസികളുടെ റിപ്പോർട്ടുകളിലെ ഖണ്ഡിക തീർപ്പാക്കൽ നടപടികൾ തൃപ്തികരമായി പൂർത്തീകരിച്ച (2017-18 സാമ്പത്തിക വർഷം) ബ്ലോക്കു പഞ്ചായത്തുകൾക്ക് 10 മാർക്ക് നൽകാവുന്നതാണ്. (രേഖകളുടെ പിൻബലമുണ്ടായിരിക്കണം, പൂർത്തീകരിച്ച ശതമാനത്തിന് താഴെ സൂചിപ്പിച്ചിട്ടുള്ള പ്രകാരം മാർക്കിടാവുന്നതാണ്.)

| | | |
|---|---|---|
| 10 മുതൽ 20 % വരെ | - | 2 മാർക്ക് |
| 21 മുതൽ 30 % വരെ | - | 4 മാർക്ക് |
| 31 മുതൽ 40% വരെ | - | 6 മാർക്ക് |
| 41 മുതൽ 50% വരെ | - | 8 മാർക്ക് |
| 50 % ന് മുകളിൽ | - | 10 മാർക്ക് |

ടി വി

## മികച്ച ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പ് 2017-2018

## മികച്ച ജില്ലാ പഞ്ചായത്തുകളുടെ തെരെഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് 2017-2018 വർഷത്തിൽ താഴെപ്പറയുന്ന അർഹതാ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം

1. മൊത്തം വികസന ഫണ്ടിന്റെ 60% ചെലവഴിച്ചിരിക്കണം
2. 2017-18 സാമ്പത്തിക വർഷം വരെയുള്ള എ.എഫ്.എസ് നിശ്ചിത സമയപരിധിക്കുള്ളിൽ (31.07.2018-ന് മുമ്പ്) സമർപ്പിച്ചിരിക്കണം.
3. മെയിന്റനൻസ് ഫണ്ട് 50% ചെലവഴിച്ചിരിക്കണം

* അവാർഡ് പരിഗണനാ കാലയളവിൽ (2017-18 വർഷം ) സാമ്പത്തിക ക്രമക്കേടുകൾ നടന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനത്തിനെതിരെ വകുപ്പുതല/വിജിലൻസ് നടപടികൾ നിലവിലുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി ചുവടെപ്പറയുന്ന മാർക്ക് നൽകാവുന്നതാണ് (ആകെ 100 മാർക്ക്)

(I) പഞ്ചായത്ത് കമ്മിറ്റി (6 മാർക്ക്)

എ) ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 2017-18 സാമ്പത്തിക വർഷത്തെ 12 യോഗങ്ങളിൽ കൂടുതലായി ചേർന്നിട്ടുള്ള ഓരോ യോഗത്തിനും 1/2 മാർക്കു വീതം പരമാവധി 4 മാർക്ക് നൽകാവുന്നതാണ്.

ബി) അജണ്ട നോട്ട് എല്ലാ കമ്മിറ്റികൾക്കും നൽകിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

സി) തീരുമാന രജിസ്റ്റർ എല്ലാ കമ്മിറ്റികൾക്കും ഉപയോഗിച്ചിട്ടുണ്ടെങ്കിൽ (എല്ലാ കമ്മിറ്റികളുടെയും തീരുമാനങ്ങൾ തീരുമാന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ) 1 മാർക്ക്

(II) സ്റ്റാന്റിംഗ് കമ്മിറ്റി (4 മാർക്ക്)

1. ധനകാര്യ/വികസന/ക്ഷേമകാര്യ/ആരോഗ്യ-വിദ്യാഭ്യാസ/പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശരാശരി യോഗങ്ങളുടെ എണ്ണം കണക്കാക്കിയതിനുശേഷം 12-ൽ കൂടുതലുള്ള ഓരോ യോഗത്തിനും 1/2 മാർക്ക് വീതം പരമാവധി 4 മാർക്ക് നൽകാവുന്നതാണ്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗങ്ങളും നിയമാനുസൃതം കൂടിയിരിക്കണം.

(III) <u>കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനത്തിലെ ഉദ്യോഗസ്ഥൻമാരുടെ യോഗം (3 മാർക്ക്)</u>

എ) കൈമാറ്റം ചെയ്യപ്പെട്ട വകുപ്പിലെ സ്ഥാപനമേധാവികളുടെ യോഗം 3 മുതൽ 6 വരെ - 2 മാർക്ക്

ബി) 6-ൽ കൂടുതൽ ചേർത്തിട്ടുണ്ടെങ്കിൽ - 3 മാർക്ക്

(IV) <u>ഇ-ഗവേർണൻസ് (5 മാർക്ക്)</u>

എ) 2017-18വർഷത്തെ പൊതുമരാമത്ത് പണികളുടെ എസ്റ്റിമേറ്റ് സുഗമ വെയർ സോഫ്റ്റ് മുഖേന ചെയ്തിട്ടുണ്ടെങ്കിൽ - 2 മാർക്ക്

ബി) ഓഫീസിൽ എല്ലാ സെക്ഷനുകൾക്കും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ - 1 മാർക്ക്

സി) സകർമ്മ സോഫ്റ്റ് വെയർ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ: - 2 മാർക്ക്

(V) <u>ഫ്രണ്ട് ആഫീസ് ( 7 മാർക്ക്)</u>

മികച്ച ഫ്രണ്ട് ആഫീസ് ഏർപ്പെടുത്തിയ ജില്ലാ പഞ്ചായത്തുകൾക്ക് പരമാവധി 7 മാർക്ക് നൽകാവുന്നതാണ്.

എ) പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, ഉദ്യോഗസ്ഥരുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ചുള്ള ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ - 1 മാർക്ക്

ബി) ഫ്രണ്ട് ആഫീസ് സംവിധാനം കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെങ്കിൽ - 2 മാർക്ക്

സി) പൊതുജനങ്ങൾക്ക് ഇരിപ്പിടം, കുടിവെള്ള സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ - 1 മാർക്ക്

ഡി) പൊതുജനങ്ങൾക്ക് ടോയ്ലെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ- 1 മാർക്ക്

ഇ) പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ - 1 മാർക്ക്

എഫ്) വികലാംഗർക്ക് റാമ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ - 1 മാർക്ക്

VI. <u>വികേന്ദ്രീകൃതാസൂത്രണം - പദ്ധതി ചെലവ് (34 മാർക്ക്)</u>

എ) <u>പദ്ധതി ചെലവ്</u>

70%-ന് മുകളിൽ - 75% വരെ - 1 മാർക്ക്

75%-ന് മുകളിൽ 80% വരെ - 2 മാർക്ക്

80%-ന് മുകളിൽ 85% വരെ - 3 മാർക്ക്

85%-ന് മുകളിൽ 90% വരെ - 4 മാർക്ക്

90%-ന് മുകളിൽ 95% വരെ - 5 മാർക്ക്

95%-ന് മുകളിൽ 100% -ന് താഴെ - 6 മാർക്ക്

100% - 7 മാർക്ക്

1. ഉൽപ്പാദനമേഖലയിലെ ചെലവ് മൊത്തം പദ്ധതി തുകയുടെ 20% മുതൽ 30% വരെ 2 മാർക്കും 30% ത്തിൽ കൂടുതലാണെങ്കിൽ - 5 മാർക്ക്
2. വനിതാ ക്ഷേമ പ്രവർത്തനങ്ങളക്ക് ചെലവാക്കിയ തുക മൊത്തം പദ്ധതി വിഹിതം തുകയുടെ 10% മുതൽ 15% വരെയാണെങ്കിൽ 1 മാർക്കും 15% നു മുകളിൽ 2 മാർക്കും നൽകാവുന്നതാണ്.
3. പൊതു വിഭാഗത്തിൽ നിന്നും വ്യത്യസ്തമായി വനിതകൾക്കുമാത്രമായി പ്രയോജനം ചെയ്യുന്ന പ്രോജക്ടുകൾ ഉണ്ടെങ്കിൽ - 2 മാർക്ക്
4. വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവരുടെ ക്ഷേമത്തിന് ചെലവാക്കിയ തുക മൊത്തം പദ്ധതി വിഹിതം തുകയുടെ 5% മുതൽ 7% വരെയാണെങ്കിൽ 1 മാർക്കും 7% മുകളിൽ 2 മാർക്കും നൽകാവുന്നതാണ്.
5. പൊതു വിഭാഗത്തിൽ നിന്നും വ്യത്യസ്തമായി വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവർക്ക് മാത്രമായി പ്രയോജനം ചെയ്യുന്ന പ്രോജക്ടുകൾ ഉണ്ടെങ്കിൽ 1 മാർക്ക്
6. പദ്ധതിയുടെ ഡി.പി.സി അംഗീകാരം 05.05.2017-നോ അതിനുമുമ്പോ
   ലഭിച്ചിട്ടുണ്ടെങ്കിൽ - 4 മാർക്ക്
   06.05.2017 ന് ശേഷം 31.05.2017 വരെ - 3 മാർക്ക്
7. ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ
   സംയുക്ത പ്രോജക്ടുകൾ ഉണ്ടെങ്കിൽ - 1 മാർക്ക്
8. ഏറ്റെടുത്ത പ്രോജക്ടുകളുടെ പൂർത്തീകരണം
   60% - 70%വരെ - 1 മാർക്ക്
   70%-ന് മുകളിൽ 80% വരെ - 2 മാർക്ക്
   80%-ന് മുകളിൽ 90% വരെ - 4 മാർക്ക്
   90%-ന് മുകളിൽ 95% വരെ - 6 മാർക്ക്
   95%-ന് മുകളിൽ 100% ൽ താഴെ - 8 മാർക്ക്
   100% - 10 മാർക്ക്

VII. <u>മെയിന്റനൻസ് ഫണ്ട് (5 മാർക്ക്)</u>

മെയിന്റൻസ് ഗ്രാന്റ് ചെലവിന് താഴെ പറയും പ്രകാരം മാർക്ക് നൽകാവുന്നതാണ്.

(1) 50% - 70% - 1 മാർക്ക്

(2) 70%-ന് മുകളിൽ 90% വരെ - 2 മാർക്ക്

(3) 90%-ന് മുകളിൽ 95% വരെ - 3 മാർക്ക്

(4) 95%-ന് മുകളിൽ 100% താഴെ - 4 മാർക്ക്

(5) 100% - - 5 മാർക്ക്

VIII. **ലോക്കൽ ഫണ്ട് ആഡിറ്റ് (5 മാർക്ക്)**

ലോക്കൽ ഫണ്ട് ആഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കിയതിന്റെ ശതമാനം.

| | | | |
|---|---|---|---|
| (1) | 10% - 20% വരെ | - | 1 മാർക്ക് |
| (2) | 20%-ന് മുകളിൽ 30% വരെ | - | 2 മാർക്ക് |
| (3) | 30%-ന് മുകളിൽ 40% വരെ | - | 3 മാർക്ക് |
| (4) | 40%-ന് മുകളിൽ 50% താഴെ | - | 4 മാർക്ക് |
| (5) | 50% - ന് മുകളിൽ | - | 5 മാർക്ക് |

IX. **അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് (5 മാർക്ക്)**

അക്കൗണ്ട് ജനറൽ ആഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കിയതിന്റെ ശതമാനം

| | | | |
|---|---|---|---|
| (1) | 10% - 20% വരെ | - | 1 മാർക്ക് |
| (2) | 20%-ന് മുകളിൽ 30% വരെ | - | 2 മാർക്ക് |
| (3) | 30%-ന് മുകളിൽ 40% വരെ | - | 3 മാർക്ക് |
| (4) | 40%-ന് മുകളിൽ 50% താഴെ | - | 4 മാർക്ക് |
| (5) | 50% - ന് മുകളിൽ | - | 5 മാർക്ക് |

X **എസ്.സി.പി പ്രോജക്ടുകൾ ചെലവ് (5 മാർക്ക്)**

| | | | |
|---|---|---|---|
| (1) | 60% - 70% വരെ | - | 1 മാർക്ക് |
| (2) | 70%-ന് മുകളിൽ 80% വരെ | - | 2 മാർക്ക് |
| (3) | 80%-ന് മുകളിൽ 90% വരെ | - | 3 മാർക്ക് |
| (4) | 90%-ന് മുകളിൽ 100% ന് താഴെ | - | 4 മാർക്ക് |
| (5) | 100% - | - | 5 മാർക്ക് |

XI. **റ്റി.എസ്.പി പ്രോജക്ടുകൾ ചെലവ് (5 മാർക്ക്)**

| | | | |
|---|---|---|---|
| (1) | 60% - 70% വരെ | - | 1 മാർക്ക് |
| (2) | 70%-ന് മുകളിൽ 80% വരെ | - | 2 മാർക്ക് |
| (3) | 80%-ന് മുകളിൽ 90% വരെ | - | 3 മാർക്ക് |
| (4) | 90%-ന് മുകളിൽ 100% താഴെ | - | 4 മാർക്ക് |
| (5) | 100% - | - | 5 മാർക്ക് |

XII. **നൂതനവും അനുകരണീയവുമായ പദ്ധതികൾ (6 മാർക്ക്)**

2017-18 വർഷത്തിൽ നൂതനവും അനുകരണീയവുമായ പ്രോജക്ടുകൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ 2 മാർക്കും ഒന്നിൽ കൂടുതലുള്ള ഓരോ പദ്ധതിയ്ക്കും 1 മാർക്കു വീതം പരമാവധി 6 മാർക്ക് നൽകാവുന്നതാണ് (മുൻ വർഷങ്ങളിൽ അവാർഡിന് സമർപ്പിച്ചവ ഒഴികെ) അപേക്ഷയോടൊപ്പം വിശദമായ റിപ്പോർട്ട് ഉൾപ്പെടുത്തേണ്ടതാണ്.)

(എ) സാമൂഹ്യ പ്രതിബദ്ധതയുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ

(പകൽ വീട്, പാഥേയം ) - 1 മാർക്ക്

(ബി ) ജല സംരക്ഷണം കുടിവെള്ള പദ്ധതികൾ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ - 1 മാർക്ക്

(സി )ABC പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ - 1 മാർക്ക്

XIII. **ഐ.എ.വൈ ഭവന നിർമ്മാണം (5 മാർക്ക്)**

ജില്ലാ വിഹിതമായി വകയിരുത്തേണ്ട തുകയിൽ 100% വകയിരുത്തി, നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന് തുക കൈമാറിയിട്ടുണ്ടെങ്കിൽ - 5 മാർക്ക്

**XIV ISO അംഗീകാരം - (5 മാർക്ക്)**

ISO അംഗീകാരം നേടിയിട്ടുണ്ടെങ്കിൽ (201/-18 സാമ്പത്തിക വർഷവും പ്രാബല്യത്തിലുണ്ടായിരിക്കണം) - 5 മാർക്ക്

--------

ആകെ - 100 മാർക്ക്

============

ലി/22/1-19

## മികച്ച ഗ്രാമ പഞ്ചായത്ത് തെരഞ്ഞെടുപ്പ് 2017-2018
## മികച്ച ഗ്രാമ പഞ്ചായത്തുകളുടെ തെരെഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന അർഹതാ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം

1. 3 ഗ്രാമസഭകൾ കൂടിയിരിക്കണം (ഗ്രാമ സഭ മിനിട്ട്സ് പൂർത്തിയായിരിക്കണം)
2. മൊത്തം വികസന ഫണ്ടിന്റെ 80% ചെലവഴിച്ചിരിക്കണം (എസ്.സി.പി/റ്റി.എസ്.പി എന്നി ഇനങ്ങളിൽ 75%) (ലോകബാങ്ക്. 13-ാം ധനകാര്യ കമ്മീഷൻ ധനസഹായം ഒഴികെ) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേതല്ലാത്ത കാരണങ്ങളാൽ ഫണ്ട് ചെലവഴിക്കാൻ കഴിയുന്നില്ലെങ്കിൽ അക്കാര്യം തെളിയിക്കേണ്ട ബാദ്ധ്യത അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും
3. 2017-18 സാമ്പത്തിക വർഷം നികുതി പിരിവ് 80% പൂർത്തീകരിച്ചിരിക്കണം
4. 2017-18 സാമ്പത്തിക വർഷം വരെയുള്ള എ.എഫ്.എസ് നിശ്ചിത സമയ പരിധിക്കുള്ളിൽ (31.07.2018-ന് മുമ്പ്) സമർപ്പിച്ചിരിക്കണം
5. മെയിന്റനൻസ് ഫണ്ട് 70% ചെലവഴിച്ചിരിക്കണം
6. ആശ്രയ പദ്ധതി രണ്ടാം ഘട്ടം നടപ്പിലാക്കിയിരിക്കണം

* അവാർഡ് പരിഗണനാ കാലയളവിൽ (2017-18 സാമ്പത്തിക വർഷം) സാമ്പത്തിക ക്രമക്കേടുകൾ നടന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനെതിരെ വകുപ്പ്തല/വിജിലൻസ് നടപടികൾ നിലവിലുണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.

### അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി മാർക്ക് നൽകാവുന്നതാണ് (ആകെ 100 മാർക്ക്)

**ഗ്രാമസഭ (4 മാർക്ക്)**

(I) ഗ്രാമസഭകളിലെ ജനപങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 4 മാർക്ക് നൽകാവുന്നതാണ്. ആകെ ഗ്രാമസഭാ യോഗങ്ങളിലെ ശരാശരി ജന പങ്കാളിത്തം അടിസ്ഥാനമാക്കിയായിരിക്കും ശതമാനം കണക്കാക്കുന്നത് പ്രത്യേക വിഷയം ആസ്പദമാക്കിയുള്ള ഗ്രാമ സഭകളും വിശേഷാൽ ഗ്രാമസഭകളും ഇതിൽ ഉൾപ്പെടുന്നില്ല.

| | | | |
|---|---|---|---|
| 1. | മൊത്തം വോട്ടർമാരുടെ 11% മുതൽ 15% വരെ | - | 1 മാർക്ക് |
| 2. | 15% മുകളിൽ 20% വരെ | - | 2 മാർക്ക് |
| 3. | 20% മുകളിൽ 25% വരെ | - | 3 മാർക്ക് |
| 4 | 25% മുകളിൽ | - | 4 മാർക്ക് |

(II) **പഞ്ചായത്ത് കമ്മിറ്റി (6 മാർക്ക്)**

ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 2017-18 സാമ്പത്തിക വർഷത്തെ 12 യോഗങ്ങളിൽ കൂടുതലായി ചേർന്നിട്ടുള്ള ഓരോ യോഗത്തിനും 1/2 മാർക്കുവീതം പരമാവധി 6 മാർക്ക് നൽകാവുന്നതാണ്. മെമ്പർമാരുടെ പങ്കാളിത്തം 80% ൽ അധികമായിരിക്കണം.

(III) **സ്റ്റാന്റിംഗ് കമ്മിറ്റി/സ്റ്റിയറിംഗ് കമ്മിറ്റി (4 മാർക്ക്)**

1. ധനകാര്യ/വികസന/ക്ഷേമകാര്യ/ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശരാശരി യോഗങ്ങളുടെ എണ്ണം കണക്കാക്കിയതിനുശേഷം 12-ൽ കൂടുതലുള്ള ഓരോ യോഗത്തിനും $^1/_2$ മാർക്ക് വീതം പരമാവധി 3 മാർക്ക് നൽകാവുന്നതാണ്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗങ്ങളും നിയമാനുസൃതം കൂടിയിരിക്കണം
2. സ്റ്റിയറിംഗ് കമ്മിറ്റിയോഗം 6 എണ്ണത്തിൽ കൂടുതൽ 1 മാർക്ക്

(IV) **നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം 1 മാർക്ക്**

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം 6-ൽ കൂടുതൽ നടത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

(V) **കുടുംബശ്രീ/ആശ്രയ/ ജാഗ്രത സമിതി/ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള പദ്ധതികൾ (9 മാർക്ക്)**

കുടുംബശ്രീ പ്രവർത്തനങ്ങൾ കവറേജ്, പ്രാദേശിക സാമ്പത്തിക വികസനത്തിനായി ആരംഭിച്ചിട്ടുള്ള സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾ നൽകുന്ന സാമ്പത്തിക സഹായം, സംഘകൃഷിപദ്ധതി സംയോജനം, വിലയിരുത്തൽ, സമിതി പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ കൂടി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

1. ആശ്രയ പദ്ധതിയിൽ വകയിരുത്തിയ തുകയുടെ ചെലവ് ശതമാനം .

| | | | |
|---|---|---|---|
| (a) | 81% - 90% വരെ | - | $^1/_2$ മാർക്ക് |
| (b) | 90% -ന് മുകളിൽ 100% വരെ | - | 1 മാർക്ക് |
| (c) | രണ്ടാംഘട്ടം തുടർപദ്ധതി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക് | - | 1 മാർക്ക് |

2. വനിതകളുടെ കൂട്ടായ്മയിലൂടെ സംഘകൃഷി ഏർപ്പെടുത്തിയിട്ടുള്ള ഗ്രൂപ്പുകളുടെ എണ്ണം

| | | | |
|---|---|---|---|
| (a) | ഒരു ഗ്രൂപ്പു മുതൽ 2 വരെ | - | $^1/_2$ മാർക്ക് |
| (b) | 3 മുതൽ 5 വരെ | - | 1 മാർക്ക് |
| (c) | 6 മുതൽ 10 വരെ | - | 1 1/2 മാർക്ക് |
| (d) | കരാർ കൃഷി ഏറ്റെടുത്തവർക്ക് | - | 1/2 മാർക്ക് |

3. <u>ജാഗ്രതാസമിതി</u>

a. വാർഡ്തല സമിതി — 1 മാർക്ക്

b. പഞ്ചായത്ത് തല സമിതി — 1 മാർക്ക്

c. നിയമസഹായ സമിതി. — 1 മാർക്ക്

d. നിർഭയ ഹെൽപ്പ് ഡെസ്ക്കുകൾ
ഏർപ്പെടുത്തിയ ഗ്രാമ പഞ്ചായത്തുകൾ — 1 മാർക്ക്

4. ബഡ്സ് സ്കൂൾ/ബേസിക് റിസോഴ്സ് സെന്റർ/പകൽവീട് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ — 1 മാർക്ക്

## (VI) <u>വികേന്ദ്രീകൃതാസൂത്രണം - പദ്ധതി ചെലവ് (15 മാർക്ക്)</u>

1. പദ്ധതി വിഹിതം ചെലവ് 80% ന് മുകളിൽ 100% വരെ
ചുവടെപ്പറയും പ്രകാരം മാർക്ക് നൽകാവുന്നത് (5 മാർക്ക്)

80% - ന് മുകളിൽ 90% വരെ - 2 മാർക്ക്

90% - ന് മുകളിൽ 95% വരെ - 3 മാർക്ക്

95% - ന് മുകളിൽ 100% വരെ - 4 മാർക്ക്

പൂർത്തീകരിച്ച പദ്ധതികൾ 95% - ന് മുകളിൽ ഉള്ളവർക്ക് - 1 മാർക്ക്

2. പദ്ധതി തുകയുടെ ജനറൽ വിഭാഗത്തിന്റെ 5% വരെ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് 1/2 മാർക്കും 5% നു മുകളിൽ 1 മാർക്കും നൽകാവുന്നതാണ്.

3. ഉൽപാദനമേഖലയിലെ ചെലവ്, മൊത്തം പദ്ധതി തുകയുടെ 20% കൂടുതലാണെങ്കിൽ 2 മാർക്കും 30% കൂടുതലാണെങ്കിൽ 3 മാർക്കും നൽകാവുന്നതാണ്.

4. വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുക, മൊത്തം പദ്ധതി തുകയുടെ 10% മുതൽ 15% വരെയാണെങ്കിൽ 1/2 മാർക്കും 15% നു മുകളിൽ 1 മാർക്കും നൽകാവുന്നതാണ്.

5. പൊതു വിഭാഗത്തിൽ നിന്നും വ്യത്യസ്തമായി വനിതകൾക്കു മാത്രമായി പ്രയോജനം ചെയ്യുന്ന പ്രോജക്ടുകൾ ഉണ്ടെങ്കിൽ — 1 മാർക്ക്

6. വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവരുടെ ക്ഷേമത്തിന് ചെലവാക്കിയ തുക മൊത്തം പദ്ധതി തുകയുടെ 5%മുതൽ 7% വരെയാണെങ്കിൽ 1/2 മാർക്കും 7% മുകളിൽ 1 മാർക്കും നൽകാവുന്നതാണ്.

7. കൈമാറി കിട്ടിയ സ്ഥാപനങ്ങൾ ലഭിച്ച തുകയുടെ 80 % ത്തിനു മുകളിൽ ചെലവഴിച്ചിട്ടുണ്ടെങ്കിൽ — 1 മാർക്ക്

8. പൊതു വിഭാഗത്തിൽ നിന്നും വ്യത്യ സ്തമായി വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവർക്ക് മാത്രമായി പ്രയോജനം ചെയ്യുന്ന പ്രോജക്റ്റുകൾ ഉണ്ടെങ്കിൽ 1 മാർക്ക്

9. 2017-18 വർഷത്തിലെ പദ്ധതിയുടെ ഡി.പി.സി അംഗീകാരം 05.05.2017-ന് മുമ്പ് ലഭ്യമായിട്ടുണ്ടെങ്കിൽ - 1 മാർക്ക്

VII. **സാമൂഹ്യസുരക്ഷിതത്വ പെൻഷൻ (3 മാർക്ക്)**

1. വിവിധ സാമൂഹ്യ പെൻഷനുകൾക്കുവേണ്ടി 28.02.2018 നകം ലഭിച്ച അപേക്ഷകളിൻമേൽ തീർപ്പാക്കിയ ഗ്രാമ പഞ്ചായത്തുകൾക്ക് 3 മാർക്ക് നൽകാവുന്നതാണ്.

| | | | |
|---|---|---|---|
| 1 | 80% - 90% വരെ | - | 1/2 മാർക്ക് |
| 2. | 90% ന് - മുകളിൽ 100% ൽ താഴെ | - | 1 മാർക്ക് |
| 3. | 100% വും തീർപ്പാക്കിയിട്ടുണ്ടെങ്കിൽ | - | 3 മാർക്ക് |

VIII. **തനതുഫണ്ട് (4 മാർക്ക്)**

1 ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാന വർദ്ധനവ് മുൻ വർഷത്തേക്കാൾ

| | | | |
|---|---|---|---|
| (a) | 20% മുതൽ 30% വരെ | - | 1 മാർക്കും, |
| (b) | 30% മുകളിൽ 40% വരെ | - | 2 മാർക്കും |
| (c) | 40% മുകളിൽ 50% വരെ | - | 3 മാർക്കും |
| (d) | 50% മുകളിൽ | - | 4 മാർക്കും നൽകാവുന്നതാണ്. |

IX. **നികുതികളും ഫീസും പിരിവ് (8 മാർക്ക്)**

| | | |
|---|---|---|
| 80% - 85% വരെ | - | 1/2 മാർക്ക് |
| 85% - ന് മുകളിൽ 90% വരെ | - | 1 മാർക്ക് |
| 90% - ന് മുകളിൽ 94% വരെ | - | 2 മാർക്ക് |
| 94% - ന് മുകളിൽ 95% വരെ | - | 3 മാർക്ക് |
| 95% - ന് മുകളിൽ 96% വരെ | - | 4 മാർക്ക് |
| 96% - ന് മുകളിൽ 97% വരെ | - | 5 മാർക്ക് |
| 97% - ന് മുകളിൽ 98% വരെ | - | 6 മാർക്ക് |
| 98% - ന് മുകളിൽ 100% താഴെ | - | 7 മാർക്ക് |
| 100% - ന് | - | 8 മാർക്ക് |

X. **മെയിന്റനൻസ് ഫണ്ട് (5 മാർക്ക്)**

മെയിന്റനൻസ് ഗ്രാന്റ് ചെലവിന് താഴെ പറയും പ്രകാരം മാർക്ക് നൽകാവുന്നതാണ്.

| | | | |
|---|---|---|---|
| (1) | 70%-ന് മുകളിൽ 80% വരെ | - | 1 മാർക്ക് |
| (2) | 80%-ന് മുകളിൽ 90% വരെ | - | 2 മാർക്ക് |

(3) 90%-ന് മുകളിൽ 95% വരെ - 3 മാർക്ക്
(4) 95%-ന് മുകളിൽ 100% താഴെ - 4 മാർക്ക്
(5) 100% - - 5 മാർക്ക്

## XI. ശുചിത്വം (9 മാർക്ക്)

1) 2017-2018 വർഷത്തിൽ വാർഡ്തലത്തിൽ, ശുചീകരണപ്രവർത്തനങ്ങൾക്കായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുകയിലെ 100% ചെലവ് വരുത്തിയിട്ടുണ്ടെങ്കിൽ (യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ) 1 മാർക്ക്

2) ഖരമാലിന്യ സംസ്കരണത്തിന് മാർക്കറ്റ്, പൊതുജനാരോഗ്യ കേന്ദ്രം, സ്കൂളുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ മാലിന്യസംസ്കരണപ്ലാന്റുകൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്
(പ്രവർത്തനക്ഷമമായിരിക്കണം)

3) മാർക്കറ്റ്/പൊതുസ്ഥലങ്ങളിൽ കംഫർട്ട് സ്റ്റേഷൻ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ (പ്രവർത്തനക്ഷമമായിരിക്കണം) 1 മാർക്ക്

4) പൊതുജനാരോഗ്യപ്രവർത്തനങ്ങൾ (കൊതുകുനിവാരണം, മെഡിക്കൽ ക്യാമ്പുകൾ പകർച്ച വ്യാധി നിയന്ത്രണ മാർഗ്ഗങ്ങൾ) ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

5) എല്ലാ ഗവൺമെന്റ് സ്കൂളുകളിലും ടോയ് ലറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 2 മാർക്ക്

6) ഉറവിടത്തിൽത്തന്നെ മാലിന്യം തരംതിരിക്കുന്നുണ്ടെങ്കിൽ 1 മാർക്ക്

7) പഞ്ചായത്ത് ഡയറക്ടറുടെ പൊതു നിർദ്ദേശങ്ങൾക്ക് വിധേയമായി ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

8) മാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി നൂതനമായ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുവെങ്കിൽ 1 മാർക്ക്

## XII. നൂതനവും അനുകരണീയവുമായ പദ്ധതികൾ (6 മാർക്ക്)

2017-18 വർഷത്തിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് 3 മാർക്കും, ഒന്നിൽ കൂടുതൽ ഉള്ള ഓരോ പദ്ധതിയ്ക്കും 1 മാർക്കു വീതവും താഴെപ്പറയുന്ന പദ്ധതിക്ക് 2 മാർക്കും ചേർത്ത് പരമാവധി 6 മാർക്ക് നൽകാവുന്നതാണ് (മുൻ വർഷങ്ങളിൽ അവാർഡിന് സമർപ്പിച്ചവ ഒഴികെ) അപേക്ഷയോടൊപ്പം വിശദമായ റിപ്പോർട്ട് ഉൾപ്പെടുത്തേണ്ടതാണ്

XII.(a) ജല സംരക്ഷണം, കുടിവെള്ള പദ്ധതി എന്നിവയ്ക്ക് പ്രത്യേകം പരിഗണന നൽകിയിട്ടുള്ളവർക്ക് - 2 മാർക്ക്

## XIII മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (6 മാർക്ക്)

a) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് അപേക്ഷ നൽകിയ കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകിയതിന്:

1. 20% - മുതൽ 40% കുടുംബങ്ങൾക്ക് തൊഴിൽ നൽകിയതിന് - 1 മാർക്ക്

2. 40% - ന് മുകളിൽ 60% വരെ കുടുംബങ്ങൾക്ക് തൊഴിൽ നൽകിയതിന് - 2 മാർക്ക്

3. 60% - ന് മുകളിൽ - 3 മാർക്ക്

b) മെറ്റിരിയൽ കമ്പോണന്റ് 20%-40% വരെ ഉപയോഗപ്പെടുത്തി പ്രോജക്റ്റുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ - 1 മാർക്ക്

c) മറ്റ് വകുപ്പുകൾ ചേർന്ന് ആസ്തിവികസന പ്രോജക്റ്റുകൾ എടുത്തിട്ടുണ്ടെങ്കിൽ - 1 മാർക്ക്

d) MGNREGS - വാർഷിക പദ്ധതിയുമായുള്ള സംയോജനം - 1 മാർക്ക്

XIV. <u>ഫ്രണ്ട് ആഫീസ് (4 മാർക്ക്)</u>

മികച്ച ഫ്രണ്ട് ആഫീസ് ഏർപ്പെടുത്തിയ ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 4 മാർക്ക് നൽകേണ്ടതാണ്.

1. പൊതുജനങ്ങൾക്കായി കിയോസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1/2 മാർക്ക്

2. പൊതുജനങ്ങൾക്ക് ഇരിപ്പിടം, കുടിവെള്ളസംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1/2 മാർക്ക്
   ഇല്ലെങ്കിൽ നെഗറ്റീവ് -1/2 മാർക്ക്

3. പൊതുജനങ്ങൾക്ക് ടോയ്ലറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1/2 മാർക്ക്
   ഇല്ലെങ്കിൽ നെഗറ്റീവ് -1/2 മാർക്ക്

4. പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ 1/2 മാർക്ക്

5. വികലാംഗർക്ക് റാമ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

6. പരാതിപ്പെട്ടി/പരാതിപരിഹാര സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

XV <u>കമ്പ്യൂട്ടർവൽക്കരണം - (4 മാർക്ക്)</u>

1. സൂചിക(ബാക്ക് ഓഫീസ്) സേവന, (പെൻഷൻ) സേവന (ജനന-മരണ രജിസ്ട്രേഷൻ), സകർമ്മ, സങ്കേതം, എം. ഗവേർണൻസ് ,സഞ്ചയ എന്നീ സോഫ്റ്റ് വെയറുകളിലൂടെ സേവനം നൽകുന്നുണ്ടെങ്കിൽ 2 മാർക്ക്

2. ഓൺലൈൻ ടാക്സ് പേയ്മെന്റ് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

3. ഓൺലൈൻ സർട്ടിഫിക്കറ്റ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

XVI <u>ISO സർട്ടിഫിക്കറ്റ് - (2 മാർക്ക്)</u>

2017-18 വർഷം ISO സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകൾ 2 മാർക്ക്

XVII പൊതുവിഷയങ്ങൾ (10 മാർക്ക്)

1. പാലിയേറ്റീവ് കെയർ സംവിധാനം - ഭവന സന്ദർശന സൗകര്യം ഉണ്ടെങ്കിൽ — 1 മാർക്ക്
2. പ്രവർത്തനക്ഷമമായ അറവുശാല ഉണ്ടെങ്കിൽ — 1 മാർക്ക്
3. പൊതുശ്മശാനം സൗകര്യം ഒരുക്കിയിട്ടുണ്ടെങ്കിൽ (പ്രവർത്തനക്ഷമമായിരിക്കണം) — 2 മാർക്ക്
4. ദുരിതാശ്വാസ നിധി രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ — 1 മാർക്ക്
5. ABC പ്രോഗ്രാം കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ — 1 മാർക്ക്
6. എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ — 1 മാർക്ക്
7. പഞ്ചായത്ത് തലത്തിലുള്ള എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം ഉണ്ടെങ്കിൽ — 1 മാർക്ക്
8. എ) ലോക്കൽ ഫണ്ട് ആഡിറ്റ് 2007 വരെയുള്ള എല്ലാ ആഡിറ്റ് പരാമർശങ്ങളും പരിഹരിച്ചിട്ടുണ്ടെങ്കിൽ — 1/2 മാർക്ക്

   ബി) ലോക്കൽ ഫണ്ട് ആഡിറ്റ് 2012 വരെയുള്ള എല്ലാ ആഡിറ്റ് പരാമർശങ്ങളും പരിഹരിച്ചിട്ടുണ്ടെങ്കിൽ — 1 മാർക്ക്
9. നിയമസഭ/നിയമസഭാസമിതികൾ എന്നിവർക്കുള്ള റിപ്പോർട്ടുകൾ/ മറുപടികൾ, അന്വേഷണ റിപ്പോർട്ടുകൾ എന്നിവ യഥാസമയം സമർപ്പിച്ചിട്ടുണ്ടെങ്കിൽ — 1 മാർക്ക്

-----------

ആകെ — 100 മാർക്ക്

===========

ബി /22/1/19